Proceedings
OF
THE TRAVANCORE LEGISLATIVE ASSEMBLY
FIRST ASSEMBLY.

THIRD SESSION—1948/1124.

Monday the 13th December, 1948/28th Vrischigom 1124.

The Travancore Legislative Assembly, reassembled in the Legislative Chamber. Public Offices, Trivandrum at 11 of the clock, on Monday, the 13th December, 1948 with the President (The Honourable Mr. R. V. Thomas) in the Chair.

QUESTIONS AND ANSWERS.

STARRED QUESTIONS.

MISS ANNIE MASCARENE (*Trivandrum I—Latin Catholic*): Sir, on a point of order. ഇന്ന് ഒരു ഷോർട്ടനോട്ടീസ് കച്ചസ്റ്റ്യന നോട്ടീസു കൊടുത്തിട്ടുണ്ട്. അതു് അജൻഡായിൽ ചേത്തിട്ടമുണ്ട്. എന്നാൽ അതു് ഒടുവലാണ് അൻസർചെയ്യാൻ വച്ചിരിക്കുന്നതു്. ഇന്നത്തെ അജൻഡാ നോക്കിയാൽ ധാരാളം ചോദ്യങ്ങൾക്ക് ഉത്തരം പറയാനുണ്ട്. അതുകൊണ്ടു് അതു് അത്ര്യം ചോദിക്കാൻ അവസരമിക്കുണമെന്നപേക്ഷിക്കുന്നു.

MR. PRESIDENT : I shall see that the question is answered before the time for questions terminates.

ടെക്സ്റ്റ് ബുക്ക്

* 138. **MR. K. RAMAKRISHNA PILLAI** (*Ambalapuzha I—General*): താഴെ ചേത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇതുവരെ നിലവിലിരിക്കുന്ന ടെക്സ്റ്റ്ബുക്കുകളുടെ നിർമ്മാണം, അച്ചടി, വിതരണം, വില എന്നിവയെപ്പറ്റി പൊതുജനങ്ങളുടെ ഇടയിൽ ആക്ഷേപവും പരാതിയും ഉള്ളതായി അറിയാമോ ?

(ബി) ഗവണ്മെൻറ് മുമതലയിൽ ടെക്സ്റ്റ് ബുക്കുകൾ എഴുതിച്ചു്, അച്ചടിപ്പിച്ചു് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതു കൂടുതൽ പ്രയോജനപ്രദമായിരിക്കുമെന്ന ഗവണ്മെൻറിന അഭിപ്രായമുണ്ടോ ?

(സി) ഉണ്ടെങ്കിൽ അതിനുവേണ്ട നടപടി ഉടനെടുക്കുകയും അടുത്തവർഷം മുതൽ നടപ്പിലാക്കുകയും ചെയ്യുന്നതിന ഗവണ്മെൻറിന ദ്യയുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN: (a) Yes;

(b) Yes;

(c) The matter is engaging the attention of Government.

MR. K. RAMAKRISHNA PILLAI : ഇപ്പോൾ ഒരു ടെക്സ്റ്റ് ബുക്ക് കമ്മിറ്റി നിലവിലുണ്ടോ ?

HON'BLE MR. N. KUNJURAMAN : ഉണ്ട്.

MR. K. RAMAKRISHNA PILLAI : അതു് എന്നാണ് Constitute ചെയ്തതെന്നു പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : ഫൻ ർ ട്ടലാണ്.

MR K. RAMAKRISHNA PILLAI : ഈ ടെക്സ്റ്റ്ബുക്കു കമ്മിറ്റിയെ പിരിച്ചുവിട്ട് ഒരു പുതിയ കമ്മിറ്റി Constitute ചെയ്യാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ ?

HON'BLE MR. N. KUNJURAMAN : ആലോചിക്കുന്നുണ്ട്.

MR. K. RAMAKRISHNA PILLAI : ഇതു സംബന്ധിച്ച് എന്തു നടപടിയാണ് ഗവണ്മെൻറ് എടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളതു് ?

HON'BLE MR. N. KUNJURAMAN : അതു് ആലോചനയിൽ ഇരിക്കുന്നു. ഇപ്പോൾ അതേക്കുറിച്ചു പറയാൻ നിവൃത്തിയില്ല.

MR. K. RAMAKRISHNA PILLAI : ഉടൻതന്നെ അതേക്കുറിച്ച് വേണ്ടി തീരുമാനം ചെയ്യാൻ ദയവുണ്ടാകുമോ?

MR. K. SARANGADHARAN (*Ambalapuzha II—General*) : നാലാംപാഠപുസ്തകം അന്വേഷിച്ചിട്ടു കിട്ടാഴികയാൽ രണ്ടു രണ്ടാംപാഠപുസ്തകം കുട്ടികളു വാങ്ങികൊടുത്തതായി ഗവണ്മെൻറിനറിയാമോ ? (ചിരി)

HON'BLE MR. N. KUNJURAMAN : അറിയാൻ പാടില്ല.

MR. K. S. JOSEPH (*Tiruvalla VI—General*): ഇന്നു തിരുവനന്തപുരം പട്ടണത്തിൽതന്നെ ഫോർത്തുഫാറത്തിലേക്കുള്ള മലയാളം റീഡർ കിട്ടാൻ നിവൃത്തിയില്ലാഴികയാൽ എൻറെ കുട്ടിയെ ഇന്നു ക്ലാസ്സിൽനിന്നും ഇറക്കിവിടുമെന്നു പറഞ്ഞിരിക്കയാണു്. ഇതു സംബന്ധിച്ച് ഗവണ്മെൻറ് എന്തു നടപടി എടുക്കുമെന്നു പറയാമോ?

MR. PRESIDENT : No information can be given to the House. You can put a question.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI: അടുത്ത ആണ്ടിലെങ്കിലും ഗവണ്മെന്റിന്റെ ചുമതലയിൽ പുസ്തകങ്ങൾ അച്ചടിപ്പിച്ച് വിതരണം ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

HON'BLE MR. N. KUNJURAMAN : അതേക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. വേണ്ടതു ഗവണ്മെന്റു ചെയ്യുന്നതാണ്.

MR. R. ATCHUTHAN (*Kottarakara III—Kurava*) : കിട്ടുന്ന പുസ്തകങ്ങൾതന്നെ ക്ലാസുകളിൽ പഠിപ്പിക്കാൻ കൊള്ളുന്നതാത്തതാണെന്നറിയാമോ ?

HON'BLE MR. N. KUNJURAMAN : അറിഞ്ഞുകൂടാ.

MR. P. S. MUHAMMED (*Muvattupuzha I—Muslim*) : സാധാരണയായി ടെക് സ്റ്റ്ബുക്ക കമ്മിറ്റികളുടെ കാലാവധി എത്ര നാളാണ്.

HON'BLE MR. N. KUNJURAMAN : സാധാരണ മൂന്നു കൊല്ലമാണ്.

MR. R. ATCHUTHAN : കഴിഞ്ഞ ഒരു സെഷനിൽതന്നെ ഇപ്പോഴത്തെ ചില പുസ്തകങ്ങൾ പഠിപ്പിക്കാൻ അനുയോജ്യമല്ലെന്നു ഒരു മെമ്പർ ഈ സഭയിൽ പറഞ്ഞതായി ഓർക്കുന്നുണ്ടോ ?

HON'BLE MR. N. KUNJURAMAN: ഉണ്ട്. അതിനാവശ്യമായ നടപടി എടുക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya*) : ഗവണ്മെന്റിന്റെ ചുമതലയിൽ ഇപ്പോൾ പുസ്തകങ്ങൾ വിതരണം ചെയ്യുന്നുണ്ടോ എന്നു പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN : ചില പുസ്തകങ്ങൾ ഒഴിച്ച് ഇപ്പോൾ നിലവിലില്ല.

MR. A. K. PATCHU PILLAI (*Peermade —General*) : ഈ ടെക്സ്റ്റ്ബുക്ക കമ്മിറ്റിയെ സംബന്ധിച്ച് വലിയ അതൃപ്തിയും പരാതികളും നാട്ടിൽ ഉള്ളതായി അറിയാമോ ?

HON'BLE MR. N. KUNJURAMAN : ചില പരാതികൾ ഉള്ളതായി അറിയാം.

MR. K. A. MATHEN (*Thiruvalla IV—General*) : ഈ കമ്മിറ്റിയിലെ അംഗങ്ങൾതന്നെ എഴുതിയിട്ടുള്ള പുസ്തകങ്ങൾ ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഇപ്പോൾ അതിനു മറുപടി പറയാൻ നിവൃത്തിയില്ല.

പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു വാങ്ങിയ മോട്ടാർ വാഹനങ്ങളുടെ ലിസ്റ്റും വിലയും.

*139. MISS ACCAMMA CHERIYAN (*Changanacherry, I—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

(എ) പോലീസു ഡിപ്പാർട്ടുമെൻറിലേക്ക് ക്ക-ലും ക്കനു-ലും വാങ്ങിയ മോട്ടാർ വാഹനങ്ങളുടെ ലിസ്റ്റും വിലയും ഹാജരാക്കാമോ ?

(ബി) പ്രസ്തുത വാഹനങ്ങളും വാങ്ങുന്നതിലേക്ക് വാഹനങ്ങളുടെ വിലയ്ക്കു പുറമേ എത്ര പണം ചെലവായിട്ടുണ്ടെന്ന് പ്രസ്താവിക്കാമോ ?

(സി) പ്രസ്തുത വാഹനങ്ങളും എല്ലാംതന്നെ ഗവണ്മെൻറു സ്റ്റോക്കിൽ ഇന്നുണ്ടെന്നു ബോദ്ധ്യപ്പെട്ടുന്നതിനു വേണ്ടി സ്റ്റാക്കുപരിശോധന നടത്തിയിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : അതിന്റെ പേരുവിവരങ്ങളടങ്ങിയ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. അതുകൊണ്ടു് ന ാ.

(ബി) ക്ക ു ക്ക ാ ശ്രദ്ധിച്ചാൽ.

(സി) പരിശോധന നടത്തിയിട്ടുള്ളതു് ഇഞ്ചിനീയർ മി. ഇ. ശിവരാമൻ നായരാണു്.

MISS. ACCAMMA CHERIYAN : ക്ക ു ക്ക-ൽ വാങ്ങിച്ചതിന്റെ ലിസ്റ്റു് ഒന്നു വായിച്ചാൽ കൊള്ളാം.

HON'BLE MR. T. K. NARAYANA PILLAI :

Make and type	*No. received*	*Price.*
Austin 10 11/2 ton	1	Rs. 6,500
Studebaker 3 ton	1	Rs. 8,000
Ford 15 cwt.	2	Rs. 12,454
Brad Ford 22 cwt	4	Rs. 18,720
Station wagon 11/2 ton	1	Rs. 8928-8-12
Dodge 15 cwt	4	Rs. 26,000
Motor cycle 10 h. p.	4	Rs. 8,000
Studebaker (Tractor)	6	Rs. 24,000

LIBRARY ARCHIVES Kerala Legislative Assembly